11826
6/8/16

# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസം - സർവ ശിക്ഷാ അഭിയാന്റെ കീഴിൽ ഐ. ഇ.ഡി റിസോഴ്സ് അദ്ധ്യാപകരായി കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം തുടർച്ചാനുമതി നൽകാതിരുന്ന 491 പേർക്ക് ഒരു വർഷത്തേയ്ക്ക് കൂടി പുനർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം. 2545/2016/പൊ.വി.വ തീയതി, തിരുവനന്തപുരം 5/8/2016

---

പരാമർശം: 1. സർക്കാർ ഉത്തരവ് (കൈ) നം. 222/15/പൊ.വി.വ തീയതി 22.3.2015

2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ,സർവ ശിക്ഷാ അഭിയാന്റെ 7.4.2016 ലെ പി3/920/2016/ എസ്.എസ്.എ നം. കത്ത്.

## ഉത്തരവ്

സംസ്ഥാനത്ത് സർവ ശിക്ഷാ അഭിയാന് കീഴിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പരിശീലനത്തിന് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം തുടർച്ചാനുമതി നൽകാതിരുന്ന 491 റിസോഴ്സ് അദ്ധ്യാപകർക്ക് 2015-16 വർഷത്തിൽ പരാമർശം (1) പ്രകാരം നിയമനം നൽകിയിരുന്നു. ടി അദ്ധ്യാപകരുടെ സേവനം 2016-17 വർഷത്തിലും അനിവാര്യമാണെന്ന് പരാമർശം (2) പ്രകാരം സ്റ്റേറ്റ് സർവ ശിക്ഷാ അഭിയാൻ പ്രോജക്ട് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്ത് സർവ ശിക്ഷാ അഭിയാന്റെ കീഴിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പരിശീലനത്തിനായി കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം തുടർച്ചാനുമതി നൽകാതിരുന്ന 491 (നാന്നൂറ്റി തൊണ്ണൂറ്റി ഒന്ന് എണ്ണം മാത്രം) റിസോഴ്സ് അദ്ധ്യാപകർക്ക് ഒരു വർഷത്തേയ്ക്ക് കൂടി മാത്രം കരാർ അടിസ്ഥാനത്തിൽ പുനർ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോക്കോസ് പണിക്കർ. പി.ഐ,
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.